## പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 78 10.06.2013-ൽ മറുപടിയ്ക്ക്

## പൊതുപണിമുടക്കിൽ പങ്കെടുത്തവർക്കെതിരെ നടപടി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. വി. ശശി, എം.എൽ.എ | | ശ്രീ. ഉമ്മൻചാണ്ടി<br>( മുഖ്യമന്ത്രി) | |
| (എ) | 2013-ലെ ജീവനക്കാരുടെ പണി മുടക്കിൽ പങ്കെടുത്ത എത്ര ഉദ്യോഗസ്ഥർ ഇപ്പോഴും സസ്പെൻഷനിൽ തുടരുന്നുവെന്നും ഇവർ ആരൊക്കെയാണെന്നും ഏതൊക്കെ വകുപ്പിൽ നിന്നുള്ളവരാണെന്നും വ്യക്തമാക്കാമോ; | (എ) | 2013-ലെ ജീവനക്കാരുടെ പണി മുടക്കിൽ പങ്കെടുത്തതിന്റെ പേരിൽ ആരെയും സർവ്വീസിൽ നിന്നും സസ്പെന്റു ചെയ്തിട്ടില്ല. എന്നാൽ സമരവുമായി ബന്ധപ്പെട്ടുണ്ടായ അക്രമസംഭവങ്ങളിൽ ഉൾപ്പെട്ടിട്ടുള്ള ഏതാനും പേരെ സസ്പെന്റ് ചെയ്തതിൽ ചുവടെ പറയുന്ന നാലു പേർ ഇപ്പോഴും സസ്പെൻഷനിൽ തുടരുന്നതായി അറിവായിട്ടുണ്ട്.<br>1. സി. ഗിരീശൻ, അസിസ്റ്റന്റ് രജിസ്ട്രാർ, പരിയാരം മെഡിക്കൽ കോളേജ്.<br>2. ശ്രീ.എം. ബാബു, ഡെപ്യൂട്ടി തഹസിൽദാർ, താലൂക്ക് ഓഫീസ് പീരുമേട്.<br>3. ശ്രീ. കെ. എം. സലിം, ജൂനിയർ സൂപ്രണ്ട്, മെഡിക്കൽ കോളേജ്, തൃശ്ശൂർ.<br>4. ശ്രീ. എൻ. സുരേന്ദ്രൻ, ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ, പ്രാഥമികാരോഗ്യകേന്ദ്രം, പുഴാതി, കണ്ണൂർ. |
| (ബി) | ഇവരുടെ സസ്പെൻഷൻ പിൻവലിക്കാനുള്ള തടസ്സങ്ങൾ എന്തെല്ലാമാണെന്ന് വിവരിക്കാമോ; | (ബി) | സസ്പെൻഷൻ പിൻവലിക്കുന്നതു സംബന്ധിച്ചും ശിക്ഷണ നടപടികൾ തീർപ്പാക്കുന്നതു സംബന്ധിച്ചും 19.01.2013-ലെ സ. ഉ (പി) നമ്പർ 17/13/പൊഭവ ഉത്തരവു പ്രകാരവും 23.2.2013-ലെ 10568/എസ്എസ്1/13/പൊഭവ നമ്പർ |

സർക്കുലർ പ്രകാരവും വ്യക്തമായ മാർഗ്ഗ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. അതനുസരിച്ച് ജീവനക്കാരെ തിരികെ സർവ്വീസിൽ പ്രവേശിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടത് നിയമനാധികാരികളായ വകുപ്പു മേധാവികളാണ്.

(സി) സസ്പെൻഷനിൽ തുടരുന്ന ജീവനക്കാർക്ക് സബ്സിസ്റ്റൻസ് അലവൻസ് നാളിതുവരെ കൊടുക്കാതിരിക്കാൻ ആധാരമായ നിയമങ്ങളും ചട്ടങ്ങളും വിവരിക്കാമോ?

(സി) ഒരു വിഭാഗം ജീവനക്കാർ 08.01.2013 മുതൽ പ്രഖ്യാപിച്ചിരുന്ന പണിമുടക്കിന് ഡയസ്നോൺ ഏർപ്പെടുത്തിക്കൊണ്ട് പുറപ്പെടുവിച്ചിരുന്ന 26/12/2012-ലെ സർക്കാർ ഉത്തരവ് (പി) നമ്പർ 385/2012/പൊഭവ 1 -ന്റെ 17-ാം ഖണ്ഡിക പ്രകാരം സമരവുമായി ബന്ധപ്പെട്ട് സസ്പെൻഷനിലാകുന്ന ജീവനക്കാർക്ക് ഉപജീവന ബത്തയ്ക്ക് അർഹതയുണ്ടായിരിക്കുന്നതല്ലെന്ന് ഉത്തരവായിട്ടുണ്ട്.

സെക്ഷൻ ഓഫീസർ